(എച്ച്) ഡ്രൈവർ തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ ഒഴിവുലേയ്ക്കും ആളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം

79(1902) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.3.1997 മുതൽ സംസ്ഥാന ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്ക്കരണം സംസ്ഥാന വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ജി.ഒ.(പി)നമ്പർ 3000/98/ധനകാര്യം/25.11.1998-ലെ ഉത്തരവിൻ പ്രകാരമുള്ള ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കുമോ;

(സി) വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് പുതിയ ശമ്പള പരിഷ്ക്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) വനം വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഡീ ജനറേറ്റഡ് വനം

80(1903) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡീ ജനറേറ്റഡ് വനത്തിന്റെ വിസ്തീർണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഡീജനറേറ്റഡ് വനങ്ങളിൽ വനവൽക്കരണം നടത്തുവാൻ കഴിഞ്ഞ അഞ്ചു കൊല്ലക്കാലത്ത് ഏതൊക്കെ ഡിവിഷനുകളിൽ എന്തു തുക നൽകി;

(സി) പ്രസ്തുത കാലയളവിൽ എത്ര ഹെക്ടർ സ്ഥലങ്ങളിൽ ഫലപ്രദമായി വനവൽക്കരണം നടത്തി എന്ന് വ്യക്തമാക്കുമോ;

(ഡി) വനവൽക്കരണം നടത്തി എന്നു പറയുന്ന പ്രദേശങ്ങൾ അത് നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കാറുണ്ടോ; എങ്കിൽ ആരാണ് പരിശോധിക്കുന്നതെന്നും പ്രസ്തുത കാലയളവിൽ എത്ര പരിശോധന റിപ്പോർട്ടുകൾ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) വനാന്തരഭാഗത്ത് പരിശോധന നടത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ മുതലെടുത്ത് വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ വനവൽക്കരണത്തിനുള്ള തുക തട്ടി എടുക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വനവൽക്കരണത്തിൽ ഉദ്യോഗസ്ഥതലത്തിൽ അഴിമതി ഉണ്ടോയെന്ന് കണ്ടെത്താൻ ഉതകുന്ന ഒരു സമഗ്രാന്വേഷണം നടത്തുമോ?

ഉത്തരം

(എ)	ജില്ല	വിസ്തീർണ്ണം (ച.കി.മീ)
1.	തിരുവനന്തപുരം	225.71
2.	കൊല്ലം	397.44
3.	പത്തനംതിട്ട	917.84
4.	ആലപ്പുഴ	---
5.	കോട്ടയം	30.79
6.	ഇടുക്കി	1500.24
7.	എറണാകുളം	137.18
8.	തൃശ്ശൂർ	559.94
9.	പാലക്കാട്	666.62
10.	മലപ്പുറം	446.62
11.	കോഴിക്കോട്	101.64
12.	വയനാട്	506.79
13.	കണ്ണൂർ	110.96
14.	കാസർഗോഡ്	41.36

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 45905 ഹെക്ടർ സ്ഥലത്ത് ഫലപ്രദമായി വനവൽക്കരണം നടത്തിയിട്ടുണ്ട്.

(ഡി) പരിശോധിക്കാറുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് കൺസർവേറ്റർ മാസത്തിൽ കുറഞ്ഞത് 20 ദിവസങ്ങളിലും ഫോറസ്റ്റ് കൺസർവേറ്റർ വർഷത്തിൽ ഒരിക്കലും പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ ഫോറസ്റ്റ് വിജിലൻസ് വിഭാഗത്തിലെ വിവിധ ഉദ്യോഗസ്ഥന്മാർ പലപ്പോഴായി മിന്നൽ പരിശോധനകളും നടത്താറുണ്ട് ഫോറസ്റ്റ് കൺസർവേറ്റർമാരിൽ നിന്നും മൊത്തം 393 പരിശോധന റിപ്പോർട്ടുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(ഇ) ലഭിച്ചതായി കാണുന്നില്ല.

(എഫ്) ഉത്തരം (ഡി)യിൽ പരാമർശിക്കുന്ന തരത്തിലുള്ള ഒരു പരിശോധന സംവിധാനം വനം വകുപ്പിൽ നിലവിലുള്ളതിനാൽ ഇപ്രകാരം ഒരു പ്രത്യേക അന്വേഷണത്തിന്റെ ആവശ്യകതയില്ല.

വയനാട് ഫോറസ്റ്റ് ഗാർഡിന്റെ പി.എസ്.സി. റാങ്ക്‌ലിസ്റ്റ് കാലാവധി

81 (1904)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഫോറസ്റ്റ് ഗാർഡിന്റെ പി.എസ്.സി. റാങ്ക്‌ലിസ്റ്റിന്റെ കാലാവധി ഏതു തീയതിവരെയാണ്;

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly